നം.ഇ.എസ്സ് 2-67069/06/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.14/10/2014.

# നോട്ടീസ്.

വിഷയം - ആ.വ.ഡ - സീനിയർ ക്ലാർക്ക് മാരുടെ സീനിയോറിറ്റി പട്ടികയിൽ കോഴിക്കോട് ബേപ്പൂർ പി.എച്ച്.സിയിലെ സീനിയർ ക്ലാർക്ക് ശ്രീ.എ.വി.അഗസ്റ്റ്യന്റെ പേര് ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന - (1) 07/06/2014 - ൽ അഗസ്റ്റ്യൻ സമർപ്പിച്ച അപേക്ഷ.
(2) ഉത്തരവ് നം.ഇ.എസ്2 (സ്പെ.സെൽ) 67069/2006/ ആ.വ.ഡ തീയതി.29/09/2007.
(3) ഉത്തരവ് നം.ഇ.ഡി1-84972/09/ഡി.എച്ച്.എസ്/ തീയതി.04/05/2011.

സീനിയർ ക്ലാർക്ക് മാരുടെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കോഴിക്കോട് ബേപ്പൂർ പി.എച്ച്.സിയിലെ സീനിയർ ക്ലാർക്കായ ശ്രീ.എ.വി.അഗസ്റ്റ്യൻ സൂചനാ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ.എ.വി.അഗസ്റ്റ്യൻ 06/02/1989 ലാണ് എൽ.ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചത്. 07/07/1991 - ൽ പരിശീലനകാലം പൂർത്തിയാക്കുകയും 12/1995 - ൽ വകുപ്പ് തല പരീക്ഷയിൽ വിജയിക്കുകയും എൽ.ഡി. ക്ലാർക്കുമാരുടെ 06/1986 മുതൽ 08/1990 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 674 (എ) ആയി ഉൾപ്പെടുത്തുകയും ചെയ്തു. സൂചന മൂന്ന് (3) ഉത്തരവ് പ്രകാരം യു.ഡി. ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചു എങ്കിലും സീനിയോറിറ്റി പട്ടികയിൽ ടിയാന്റെ പേര് നാളിതുവരെ ഉൾപ്പെട്ടിരുന്നില്ല. 06/1986 മുതൽ 08/1990 വരെയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ യഥാസമയം ഉൾപ്പെട്ടിരുന്നു എങ്കിൽ ടിയാൾക്ക് 31/12/1998 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുമായിരുന്നു. എന്നാൽ തന്നോടൊപ്പമുള്ളവർ സൂചന രണ്ട് (2) പ്രകാരമുള്ള യു.ഡി. ക്ലാർക്കുമാരുടെ 14/10/1993 മുതൽ 16/06/2000 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും അതിനാൽ തന്നേയും സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ പറഞ്ഞ വിഷയം വിശദമായി പരിശോധിച്ചു ടിയാന്റെ എൽ.ഡി. ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി വകുപ്പ് തല പരീക്ഷയിൽ വിജയിച്ച തീയതി, പ്രൊബേഷൻ പൂർത്തീകരിച്ച തീയതി, ഒഴിവ് വന്ന തീയതി എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീ.എ.വി.അഗസ്റ്റ്യൻ സീനിയർ ക്ലാർക്കിനെ 14/10/1993 മുതൽ 16/06/2000 വരെയുള്ള സീനിയർ ക്ലാർക്ക്മാരുടെ സീനിയോറിറ്റി പട്ടികയിൽ 295(എ) ആയി ഉൾപ്പെടുത്തുന്നതിന് താത്കാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര. നം. | പേര് | ജനനതീയതി | L.D ക്ലാർക്ക് തസ്തികയിലെ റാങ്ക് നം. |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | മുഹമ്മദ് അരങ്ങോടൻ | 08/06/1953 | 674/1991 |
| 2 | എ.വി.അഗസ്റ്റ്യൻ | 05/04/1968 | 674 (എ) |
| 3 | വി.ദീപാദേവി | 11/05/1968 | 675/1991 |

| വകുപ്പ് തല പരീക്ഷയിൽ വിജയിച്ച തീയതി. | U.Dക്ലാർക്ക് തസ്തികയിലെ റാങ്ക് നം. | ഒഴിവിന്റെ അടിസ്ഥാനത്തിൽ U.D തസ്തികയിൽ സീനിയോറിറ്റി നിർണ്ണയിച്ച തീയതി. |
|---|---|---|
| 5 | 6 | 7 |
| 06/1991 | 295 | 31/12/1998 |
| 12/1995 | 295 (എ) | 31/12/1998 |
| 11/1990 | 296 | 31/12/1998 |

മേൽ പറഞ്ഞ വിഷയം സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം രേഖാമൂലം ബന്ധപ്പെട്ട മേലധികാരിയുടെ അംഗീകാരത്തോടെ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2) എല്ലാ ജീവനക്കാർക്കും
3) ഫയൽ/കരുതൽ ഫയൽ.

അംഗീകാരത്തോടെ

സ്വന്തം.